ടി.കെ

# ജമാഅത്തെ ഇസ്‌ലാമി രൂപീകരണ പശ്ചാത്തലം

**ഖിലാഫത്തിന്റെ പതനം**

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഉസ്മാനിയാ ഖിലാഫത്തിന്റെ നിലനിൽപ്പിനും മുസ്‌ലിം പുണ്യസ്ഥലങ്ങളുടെ സുരക്ഷയ്ക്കും വേണ്ടിയുള്ള ശക്തിമത്തായ ഒരു പ്രസ്ഥാനം ഇന്ത്യയിൽ വളർന്നുവരുന്നുണ്ടായിരുന്നു. ഇസ്‌ലാമിക ചിന്തയും വികാരവും നിറഞ്ഞുനിന്ന ചെറുപ്പക്കാരനെന്ന നിലയിൽ മൗദൂദി സാഹിബും ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഭാഗഭാക്കായി തന്നാലാവുന്നത് ചെയ്തുകൊണ്ടിരിന്നു. അന്ന് അദ്ദേഹത്തിന് പതിനാറു-പതിനേഴ് വയസ്സേ ആയിരുന്നുള്ളൂ. ഇസ്‌ലാമിന്റെ പേരിൽ നാമമാത്ര ഖിലാഫത്താണ് നിലനിൽക്കുന്നതെന്നും അത് അടിവേരറ്റ് ഏതു നിമിഷവും നിലംപതിക്കാവുന്ന പരുവത്തിലാണെന്നും സ്വന്തം പഠനനിരീക്ഷണത്തിലൂടെ മൗദൂദി സാഹിബ് മനസ്സിലാക്കി. അറബികളെയും കുർദുകളെയും കൂടെക്കൊണ്ടുപോകാൻ ബാധ്യസ്ഥമായ ഉസ്മാനിയാ ഖിലാഫത്ത് സത്യത്തിൽ തുർക്കി ദേശീയതയിലാണ് ഊന്നിനിന്നുരുന്നത്. കമാൽ അത്താതുർക്കിന്റെ നേതൃത്വത്തിൽ യുവതുർക്കികൾ പടിഞ്ഞാറുനിന്ന് പകർത്തിയ മതേതര-ഭൗതിക ചിന്താധാരകളിൽ ഏതു സമയവും കുത്തിയൊലിച്ചുപോകാം അത് എന്നതായിരുന്നു സ്ഥിതി. (ഇതിന് ആക്കം കൂട്ടാനെന്ന വണ്ണം മറുവശത്ത് അറബ് ദേശീയതയും ശക്തിയാർജിച്ചു വരുന്നുണ്ടായിരുന്നു) മറ്റൊരു നാട്ടിലെ ഖിലാഫത്തിന്റെ പേരിൽ ഇന്ത്യൻ മുസ്‌ലിംകളിൽ അത് സൃഷ്ടിക്കുന്ന ദുരന്തം ഊഹിക്കാവുന്നതായിരുന്നു. ആദർശപരമായ അടിത്തറകൾ ഭദ്രമല്ലാത്ത ഒരു വ്യവസ്ഥക്കും നിലനിൽപ്പില്ലെന്നും ഉള്ളുപൊള്ളയായ ഖിലാഫത്തിന്റെ ദൗർബല്യം അതാണെന്നും മൗദൂദി സാഹിബ് മനസ്സിലാക്കി. അദ്ദേഹം ഭയപ്പെട്ടതു തന്നെയാണ് സംഭവിച്ചത്. 1924-ൽ ഉസ്മാനിയാ ഖിലാഫത്തിന്റെ പതനത്തോടെ ഇന്ത്യൻ മുസ്‌ലിംകളുടെ മുമ്പിൽ നിരാശയുടെയും മ്ലാനതയുടെയും നീണ്ട നിഴൽ ഇരുൾ പടർത്തുകയായിരുന്നു. അതേസമയം, ഗാന്ധിജിയുടെ നേതൃത്വത്തിൽ അതുവരെ നിലനിന്ന ഹിന്ദു-മുസ്‌ലിം മൈത്രി ശിഥിലമായിക്കൊണ്ടിരിക്കുകയും ചെയ്തു. മുസ്‌ലിംകളുടെ വീറും വീര്യവും നഷ്ടപ്പെട്ടു. അവർ പരിഗണിക്കേണ്ട ശക്തിയെല്ല എന്ന സ്ഥിതി വന്നുചേർന്നു. (മൗദൂദി സാഹിബ് 'ശക്തിയുടെ ഉറവിടം' എന്ന ലേഖനം എഴുതിയത് ഈ പശ്ചാത്തലത്തിലാണ്.)

**ശുദ്ധിപ്രസ്ഥാനം**

ഇതേ കാലത്താണ് 1925-ൽ സ്വാമി ശ്രദ്ധാനന്ദന്റെ നേതൃത്വത്തിൽ ശുദ്ധിപ്രസ്ഥാനം ആരംഭിച്ചത്. മുസ്‌ലിംകളെ ഹിന്ദുമതത്തിലേക്ക് ശുദ്ധിചെയ്തെടുക്കുക അഥവാ, 'പൂർവിക' മതത്തിലേക്കു മാർഗംകൂട്ടുക എന്നതായിരുന്നു ശുദ്ധിപ്രസ്ഥാത്തിന്റെ പൊരുൾ. മാനവരാശിക്ക് മാർഗദർശികളും മാതൃകാപുരുഷന്മാരും ആകേണ്ട മനുഷ്യരെയെല്ലാം ദൈവമാർഗത്തിലേക്ക് ക്ഷണിക്കാൻ ബാധ്യസ്ഥരായ മുസ്‌ലിംകളെ പരസ്യമായി ഹിന്ദുമതത്തിലേക്ക് ക്ഷണിക്കുവാനും അതിന്റെ പേരിൽ പ്രസ്ഥാനമുണ്ടാക്കുവാനും ചിലർക്ക് എങ്ങനെ ധൈര്യം വന്നു എന്ന ചോദ്യം മൗദൂദി സാഹിബിനെ ചിന്താകുലനാക്കി. പ്രശ്നം ആഴത്തിൽ പഠിക്കുവാനും ഇത ദ്ദേഹത്തിനു പ്രേരണയായി. നാമമാത്ര മുസ്‌ലിംകളെ യഥാർഥ മുസ്‌ലിംകളായും പാരമ്പര്യ മുസ്‌ലിംസമുദായത്തെ ആദർശ സമൂഹമായും പ്രബോധകസംഘമായും ഒരിക്കൽകൂടി മാറ്റിയെടുക്കുക മാത്രമാണ് പ്രശ്നത്തിന്റെ പരിഹാരമെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. മൗദൂദിയുടെത്തന്നെ വാക്കുകളിൽ, "ഓരോ മുസ്‌ലിമും മുസ്‌ലിമെന്ന നിലയിൽത്തന്നെ ഒരു മിഷിനറിയാണ്. സ്വയം മുസ്‌ലിമായിരിക്കുക മാത്രമല്ല വാക്കും പ്രവർത്തിയും സ്വഭാവവും നടപടിയും മുഖേന ഇസ്‌ലാമിനെ പ്രചാരണം ചെയ്യുകയാണ് അവന്റെ ദൗത്യം. മുസ്‌ലിംകളിൽ ഒരു മിഷിനറി സമുദായമെന്ന സ്വഭാവം നിലനിന്നപ്പോഴെല്ലാം അവർ ഖഡ്ഗപ്രയോഗമില്ലാതെ പ്രബോധനം വഴി രാജ്യങ്ങൾ ഒന്നൊന്നായി ജയിച്ചടക്കി. ഇന്തോനേഷ്യ മുഴുവൻ പ്രബോധനം വഴിയാണ് ഇസ്‌ലാമിലേക്കുവന്നത്. മുസ്‌ലിംകൾ വാളുമായല്ല അവിടെ പ്രവേശിച്ചിരുന്നത്. മലേഷ്യ, പൂർവാഫ്രിക്ക, മധ്യാഫ്രിക്ക, പശ്ചിമാഫ്രിക്ക തുടങ്ങി ഒട്ടേറെ നാടുകൾ തങ്ങളുടെ ചര്യയും സ്വഭാവവും സമ്പർക്കവും വഴി മുസ്‌ലിംകൾ ജനങ്ങളെ സ്വാധീനിച്ച് ഇസ്‌ലാമിലേക്ക് പരിവർത്തിപ്പിച്ചതിന് ഉദാഹരണങ്ങളാണ്. ഇന്ത്യയെത്തന്നെ എടുക്കുക- ഇവിടെ കാണുന്ന കോടിക്കണക്കിനു മുസ്‌ലിംകൾ പുറമെനിന്നു വന്നവരല്ല. ഇവിടുത്തെ മുസ്‌ലിം ഗവൺമന്റുകളോ രാജാക്കന്മാരോ ഒരിക്കലും ബലപ്രയോഗത്തിലൂടെ ഇസ്‌ലാം പ്രചരിപ്പിച്ചിട്ടുമില്ല. ഇവരെല്ലാം മതപ്രബോധനപരമായി ഇസ്‌ലാമിലേക്ക് വന്നവരാണ്."

ശുദ്ധിപ്രസ്ഥാന നേതാവ് സ്വാമി ശ്രദ്ധാനന്ദൻ 1926-ൽ ഒരു മുസ്‌ലിമിന്റെ കൈയാൽ വധിക്കപ്പെട്ട സംഭവം നാടൊട്ടുക്കും വലിയ കോളിളക്കം സൃഷ്ടിച്ചു. ഇസ്‌ലാമിലെ ജിഹാദ് രൂക്ഷമായ ചർച്ചക്കും വിമർശനത്തിനും വിധേയമായി. ഈ സന്ദർഭത്തിൽ ജിഹാദ് എന്താണെന്ന് യഥാവിധി വിശദീകരിക്കുന്ന ഒരു ഗ്രന്ഥം ആരെങ്കിലും രചിച്ചിരുന്നുവെങ്കിൽ എന്ന് മൗലാനാ മുഹമ്മദലി ഒരു പൊതുയോഗത്തിൽ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ഇതിന്റെ സാഫല്യമെന്നോണമാണ് ഇരുപതുകളിലെത്തിനിന്ന മൗദൂദി സാഹിബ് 'അൽ-ജിഹാദു ഫിൽ-ഇസ്‌ലാം' എന്ന ബൃഹദ്ഗ്രന്ഥം രചിച്ചത്. ഇസ്‌ലാമിക സമൂഹത്തിന് അത് നൽകിയേക്കാവുന്ന ധൈര്യവും ആത്മവിശ്വാസവും ഊഹിക്കാവുന്നതേയുള്ളൂ.

**പാശ്ചാത്യവൽക്കരണം**

പടിഞ്ഞാറൻ വിചാരധാരകളുടെയും സംസ്കാരവൈകൃതങ്ങളുടെയും കടന്നുകയറ്റത്തെക്കുറിച്ച് മുൻലേഖനത്തിൽ പരാമർശിക്കപ്പെട്ട എല്ലാ അവസ്ഥാവിശേഷങ്ങളും ഏറെക്കുറെ ഇന്ത്യൻ മുസ്‌ലിംകൾക്കും ബാധകമായിരുന്നു. സമുദായത്തിന്റെ ഉപരിതലത്തിൽ മിസ്റ്റർമാരുടെയും മിസിസ്മാരുടെയും ഒരു 'ആംഗ്ലോ മൊഹമ്മഡൻ' വർഗം വളർന്നുകഴിഞ്ഞിരുന്നു. മുസ്‌ലിംകൾ പാരമ്പര്യ വസ്ത്രധാരണ രീതി വലിച്ചെറിഞ്ഞ് പാശ്ചാത്യ രീതി പകർത്തണമെന്ന അഭിപ്രായം വരെ ഉയർന്നുവന്നു. ഈ പശ്ചാത്തലത്തിലാണ് വസ്ത്രധാരണ പ്രശ്നത്തെ വിശദമായി അപഗ്രഥിച്ചുകൊണ്ട് മൗദൂദി സാഹിബ് "ലിബാസ് കാ മസ്അല" എന്ന ലേഖനമെഴുതിയത്. വസ്ത്രധാരണം കേവലമൊരു ബാഹ്യാവരണമല്ലെന്നും വിശ്വാസപരവും സംസ്കാരികപരവും മനഃശാസ്ത്രപരവുമായ ഒട്ടേറെ അർഥതലങ്ങൾ അതിനുണ്ടെന്നും ഈ ലേഖനത്തിൽ സമർഥിച്ചിരുന്നു.

നിരീശ്വര-നിർമത പ്രസ്ഥാനങ്ങൾ വേരുറപ്പിച്ചുവന്നതും ഇതേ കാലത്തായിരുന്നു. മുസ്‌ലിംകളുടെ ഏക സ്ഥാപനമായ

അലിഗർ യൂനിവേഴ്സിറ്റി കേന്ദ്രമാക്കി കമ്യൂണിസ്റ്റുകൾ അഭ്യസ്തവിദ്യരിൽ അവരുടെ പ്രചാരണവൃത്തം വിപുലമാക്കിക്കൊണ്ടിരുന്നു. യുവതലമുറയിൽ നിരീശ്വര-നിർമത ചിന്തകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നതിൽ യൂനിവേഴ്സിറ്റി കോർട്ടു തന്നെ ഉൽകണ്ഠ രേഖപ്പെടുത്തുകയും പരഹാരത്തിനുള്ള മാർഗനിർദേശങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. ഈ വിഷയകമായി 1936 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മൗദൂദി സാഹിബ് എഴുതിയ പ്രൗഢലേഖനങ്ങൾ 'തൻഹീകാത്തി'ൽ വായിക്കാം. അക്കാലത്ത് അലീഗർ യൂനിവേഴ്സിറ്റിയിലെ അന്തരീക്ഷത്തെക്കുറിച്ച് ഒരു വിദ്യാർഥി എഴുതിയ കത്താണ് ചുവടെ.

"അലിഗറിൽ എനിക്ക് ഇസ്‌ലാമികലോകത്തിലെ ബാഹ്യഫിത്നയുമായി -പടിഞ്ഞാറിന്റെ പരമോന്നതശ്രേണിയായ കമ്യൂണിസവുമായിത്തന്നെ- ഇടപെടേണ്ടി വന്നു. പാശ്ചാത്യവൽക്കരണം അത്ര വലിയൊരു അപകടമായൊന്നും നേരത്തെ ഞാൻ ധരിച്ചിരുന്നില്ല. എന്നാൽ അലിഗറിലെ അനുഭവങ്ങൾ എനിക്ക് യാഥാർഥ്യം മനസ്സിലാക്കിത്തന്നു. മുസ്‌ലിം ഇന്ത്യയുടെ ഈ സിരാകേന്ദ്രത്തിൽ ഇസ്‌ലാമിൽനിന്ന് മുർതദ്ദായി, കമ്യൂണിസത്തിന്റെ സജീവ പ്രചാരകരായി മാറിയ നല്ലൊരു കൂട്ടമുണ്ട്. ഈ സംഘത്തിൽ ഒട്ടേറെ അധ്യാപകരും പെടുന്നു. ഇവർ പുതുതായിവരുന്ന യോഗ്യരായ വിദ്യാർഥികളെ വലവീശുന്നു. ഇവരുടെ കമ്യൂണിസം പാവപ്പെട്ടവർക്കും കൃഷിക്കാർക്കും തൊഴിലാളികൾക്കും വേണ്ടിയുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഇവരുടെ ആർഭാട ജീവിതശൈലി വാക്കുകളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നു. സ്വന്തം ധാർമികദൗർബല്യങ്ങൾക്കും മതനിഷേധ പ്രവണതകൾക്കും കുത്തഴിഞ്ഞ ചിന്തകൾക്കും ഒരു സാർവലൗകിക പ്രസ്ഥാനത്തിന്റെ മറയിടാനുള്ളതാണിവർക്ക് കമ്യൂണിസം. ഒരിക്കൽ എന്നെയും കമ്യൂണിസം വശത്താക്കാതിരുന്നില്ല. ഇസ്‌ലാമിന്റെ മറ്റൊരു പതിപ്പാണെന്നേ ഞാൻ കരുതിയുള്ളൂ. എന്നാൽ ആഴത്തിൽ പഠിച്ചപ്പോഴാണ് അവ രണ്ടും മൗലികമായിത്തന്നെ ഭിന്നമാണെന്നു മനസ്സിലായത്." (തൻകീഹാത്ത്) [1]

ഈ സ്ഥിതിവിശേഷങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്ന് മൗദൂദി സാഹിബ് ഗാഢമായി ചിന്തിച്ചു. അങ്ങനെ അദ്ദേഹം എത്തിച്ചേർന്ന നിഗമനം:

"ഒന്നാമതായി മുസ്‌ലിം ബുദ്ധിജീവികളിൽ ആധിപത്യം നേടിക്കഴിഞ്ഞ പാശ്ചാത്യൻ സംസ്കാരത്തിന്റെയും ചിന്താഗതികളുടെയും വേലിയേറ്റത്തെ പ്രതിരോധിക്കണം. ഇസ്‌ലാമിന് തനതായ ഒരു ജീവിത വ്യവസ്ഥയും സംസ്കാരികക്രമവും രാഷ്ട്രീയക്രമവും ചിന്താരീതിയും വിദ്യാഭ്യാസവ്യവസ്ഥയും ഉണ്ടെന്നും അവ ഏതു നിലക്കും പാശ്ചാത്യൻ സംസ്കാരത്തെക്കാളും ചിന്താഗതികളെക്കാളും മികച്ചുനിൽക്കുന്നുവെന്നും അവരെ ബോധ്യപ്പെടുത്തണം. നാഗരികതയുടെയും സംസ്കാരത്തിന്റെയും കാര്യത്തിൽ മറ്റാരോടെങ്കിലും ഭിക്ഷയാചിക്കണമെന്ന ചിന്ത അവരുടെ മനസ്സുകളിൽനിന്ന് തൂത്തുമാറ്റണം. ലോകത്തിലെ മറ്റെല്ലാ വ്യവസ്ഥയെക്കാളും ഉത്തമമായ ഒരു പൂർണ ജീവിത വ്യവസ്ഥിതി തങ്ങളുടെ പക്കലിരിപ്പുണ്ടെന്ന് അവരെ അനുസ്മരിപ്പിക്കണം. അവർ ഭീരുത്വപൂർവം വിധേയരായിക്കഴിഞ്ഞ പാശ്ചാത്യൻ വ്യവസ്ഥിതിയുടെ നാനാവിധ ദൗർബല്യങ്ങൾ നിശിതമായി നിരൂപണംചെയ്ത് അവരുടെ മുമ്പാകെ വ്യക്തമാക്കണം."[2]

1932-ൽ ഹൈദരാബാദിൽനിന്ന് 'തർജുമാനുൽ ഖുർആൻ' മാസിക പ്രസിദ്ധീകരണം ആരംഭിക്കുമ്പോൾ ഈ ഉദ്ദേശ്യലക്ഷ്യങ്ങളെല്ലാമാണ് മൗദൂദി സാഹിബിന്റെ മുന്നിലുണ്ടായിരുന്നത്. പിന്നീട്, 1938-ൽ അദ്ദേഹത്തിന്റെ പ്രവർത്തന കേന്ദ്രം അല്ലാമാ ഇഖ്ബാലിന്റെ ക്ഷണവും പ്രേരണയുമനുസരിച്ച് ലാഹോറിലേക്ക് മാറ്റുകയാണുണ്ടായത്.

**അലീഗറും ദയൂബന്ധും**

ലൗകികമെന്നും മതപരമെന്നും വിഭജിക്കപ്പെട്ട രണ്ടുതരം വിദ്യാഭ്യാസ പദ്ധതികൾ മുസ്‌ലിംകളിൽ ഭിന്നമായ രണ്ടു സ്വഭാവസംസ്കാരമുള്ളവരെ വളർത്തുവെന്ന ദുഖസത്യം മൗദൂദി സാഹിബ് തിരിച്ചറിഞ്ഞു. മതമില്ലാത്ത മിസ്റ്റർമാരുടെയും ദുനിയാവറിയാത്ത മുല്ലമാരുടെയും രണ്ടു വർഗങ്ങളെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ രീതി സമുദായത്തെ ഭിന്ന ദിശകിലേക്കു നയിക്കുമെന്നും തുർക്കിയുടെ അനുഭവം ഇവിടെ ആവർത്തിച്ചേക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. ഈ രണ്ടു വിഭാഗങ്ങൾക്ക് പൊതുവായുള്ള ഒരേയൊരു കാര്യം പരസ്പരം പുഛവും അവജ്ഞയും മാത്രമായിരുന്നു. ഒരു വിഭാഗത്തിന്റെ ഭാഷ പോലും മറുവിഭാഗത്തിന് വശമില്ല. ഇംഗ്ലീഷ് ഒരു വിഭാഗത്തിന് നരകത്തിലെ ഭാഷയായിരുന്നെങ്കിൽ, മുസ്‌ലിംകൾ അറബി ലിപിക്കു പകരം റോമൻ ലിപി സ്വീകരിക്കണമെന്നുവരെ മറുഭാഗത്തിന് അഭിപ്രായമുണ്ടായി. ആപൽക്കരമായ ഈ വൈരുദ്ധ്യം സമുദായത്തെ നെടുകെ പിളർക്കുമെന്ന് മനസ്സിലാക്കിയ മൗദൂദി സാഹിബ് ലൗകികവും മതപരവുമായ വിദ്യാഭ്യാസത്തെ സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു സമഗ്രവിദ്യാഭ്യാസ പദ്ധതിക്കു രൂപംനൽകി. അദ്ദേഹത്തിന്റെ 'തഅ്‌ലീമാത്ത്' എന്ന ഗ്രന്ഥത്തിലും മറ്റു ലേഖനങ്ങളിലും ഇതിന്റെ വിശദാംശങ്ങൾ വായിക്കാം.[3]

**കോൺഗ്രസും മുസ്‌ലിംലീഗും**

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പതനം തൊട്ട് മുസ്‌ലിംലീഗ് ശക്തിപ്രാപിക്കുകയും 1940-ൽ പാക്കിസ്ഥാൻ പ്രമേയം അംഗീകരിക്കുകയും ചെയ്യുന്നതുവരെയുള്ള ഇടവേള ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ഏകമുഖ ദേശീയതയുടെ കാലഘട്ടമായിരുന്നു. മുസ്‌ലിംകളുടെ സാമുദായിക അസ്തിത്വത്തിനും അതിൽ പരിഗണനയുണ്ടായിരുന്നില്ല. ഏകസംസ്കാരത്തിലധിഷ്ഠിതമായ ഇത്തരമൊരു ദേശീയരാഷ്ട്ര ഘടനയിൽ സമുദായത്തിന്റെ സാംസ്കാരിക തനിമയുടെ സുരക്ഷയെക്കുറിച്ച് മൗദൂദി സാഹിബ് സ്വാഭാവികമായും ആശങ്കാകുലനായി. 'മുസ്‌ലിംകളും രാഷ്ട്രീയ വടംവലിയും' എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗവും 'ഏകാത്മക ദേശീയത' എന്ന ഗ്രന്ഥവും എഴുതിയത് ഈ പശ്ചാത്തലത്തിലാണ്.

1930-40-കളോടെ മുസ്‌ലിംലീഗ് ശക്തിയാർജിക്കുകയും പാക്കിസ്ഥാൻ പ്രസ്ഥാനം ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞുവീശുകയും ചെയ്തതോടുകൂടി പ്രശ്നത്തിന്റെ മുഖം മറ്റൊന്നായി മാറി. മുസ്‌ലിംകൾ അന്യസംസ്കാരത്തിൽ ലയിച്ചുപോവുകയെന്ന ആശങ്ക നീങ്ങിയെങ്കിലും മുസ്‌ലിം സാമുദായികതയുടെ വളർച്ച ഇസ്‌ലാമിന്റെ ആദർശങ്ങളിലൂടെയായിരുന്നില്ല.[4]

ഇസ്‌ലാമിന്റെ ലേബലിൽ സ്ഥാപിക്കാൻ പോകുന്ന പാക്കിസ്ഥാൻ ഒരു മുസ്‌ലിം രാഷ്ട്രമെന്നല്ലാതെ തീർച്ചയായും ഇസ്‌ലാമിക രാഷ്ട്രീയമായിരിക്കില്ലെന്ന് അതിന്റെ കൈകാര്യകർത്താക്കളെ കണ്ടാലറിയാമായിരുന്നു. അവരുടെ മുഖത്തുനോക്കി മൗദൂദി സാഹിബിനു പറയേണ്ടിവന്നു:

"നിങ്ങൾ കേവലമൊരു സമുദായമല്ല. നിങ്ങളുടെ ലക്ഷ്യം കേവലമൊരു സാമുദായിക രാഷ്ട്രം സ്ഥാപിക്കലുമല്ല. ഒരു ഇസ്‌ലാമിക സ്റ്റേറ്റ് സ്ഥാപിക്കലായിരിക്കണം നിങ്ങളുടെ ലക്ഷ്യം. നിങ്ങളൊരു മിഷനറി ജനവിഭാഗാമാണ്. നിങ്ങളുടെ ദൗത്യം നിറവേറ്റുന്ന ഒരു ഭരണകൂടമായിരിക്കണം നിങ്ങൾ ഏർപെടുത്തുന്നത്."

ഇസ്‌ലാമികരാഷ്ട്രം എന്തെന്നും എന്തെല്ലന്നും മുസ്‌ലിം ഗവൺമെന്റും ഇസ്‌ലാമിക ഗവൺമെന്റും തമ്മിലുള്ള അന്തരമെന്തെന്നും വിശദീകരിക്കുന്നതിനായിരുന്നു ഈ കാലഘട്ടത്തിൽ മൗദൂദി സാഹിബ് ഊന്നൽ നൽകിയത്. സ്വാഭാവികമായും അതാണ് ചെയ്യേണ്ടിയിരുന്നതും. 39-41 കാലഘട്ടത്തിൽ 'രാഷ്ട്രീയ വടംവലി' മൂന്നാംഭാഗം എഴുതിയത് ഈ ഉദ്ദേശ്യാർഥമാണ്.[5]

**സംഘടനാരൂപീകരണം**

മൗദൂദി സാഹിബിനെപ്പോലൊരു പ്രതിഭാധനനായ പരിഷ്കർത്താവിന്റെ ശക്തമായ ശബ്ദം സമുദായ നേതൃത്വത്തിനു മുമ്പിൽ പക്ഷേ, വനരോദനമായി കലാശിക്കുകയാണുണ്ടായത്. തിളച്ചുമറിയുന്ന സാമുദായിക വികാരത്തിന്റെ കൊടുംചൂടിൽ, പാക്കിസ്ഥാൻ എന്ന സാധ്യത മുന്നിൽ തെളിഞ്ഞുനിൽക്കെ അദ്ദേഹം പറയുന്ന ആദർശവാദങ്ങളൊന്നും അവർക്കു മനസ്സിലാകുമായിരുന്നില്ല. പാക്കിസ്ഥാൻ വന്നാൽ അത് ശരിക്കും ഒരു ഇസ്‌ലാമിക രാഷ്ട്രം തന്നെയാവുമോ? പഞ്ചാബി

യെയും ബംഗാളിയെയും 'മുഹാജിറി നെയും അൻസാറിനെയും' ഒന്നിച്ചു നിർത്താൻ ഇസ്ലാമില്ലെങ്കിൽ പിന്നെയെന്ത്? വിഭജനാനന്തരം ഇന്ത്യയിലെ കോടിക്കണക്കായ 'മുസ്ലിം ന്യൂനപക്ഷത്തിന്റെ ഭാവി' എന്താകും? ഈ ചോദ്യങ്ങളൊന്നും അന്നവരെ ശല്യപ്പെടുത്തിയില്ല. എന്നാൽ, മൗദൂദിയെപ്പോലൊരു നവോത്ഥാന നായകന് അതെല്ലാം ചിന്തിക്കേണ്ടതുണ്ടായിരുന്നു. സംഘടനാരൂപീകരണം അനിവാര്യമാക്കിയ സാഹചര്യം അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ:

"മൂന്ന് പ്രശ്നങ്ങളായിരുന്നു മുമ്പിൽ വന്നത്: രാജ്യം വിഭജിക്കപ്പെട്ടില്ലെങ്കിൽ മുസ്ലിംകളെ രക്ഷിക്കാൻ എന്തുചെയ്യണം? വിഭജിക്കപ്പെട്ടാൽ ഇന്ത്യയിൽ അവശേഷിക്കുന്ന മുസ്ലിംകൾക്കു വേണ്ടി എന്തു ചെയ്യാൻ കഴിയും? വിഭജനാനന്തരം മുസ്ലിംകളുടെ കൈയിൽവരുന്ന രാജ്യത്ത് (പാക്കിസ്ഥാൻ) 'മുസ്ലിംകളുടെ അനിസ്ലാമിക ഗവൺമെന്റ്' നിലവിൽ വരാതിരിക്കാൻ എന്തുവേണം? ഇസ്ലാമിക ഗവൺമെന്റ് എങ്ങനെ ഏർപെടുത്താനാവും?"

ഈ പ്രശ്നങ്ങളെല്ലാം മുന്നിൽവരികയും വ്യക്തിഗതമായ പ്രവർത്തനങ്ങൾ അപര്യാപ്തമെന്നു ബോധ്യമാവുകയും ചെയ്തതിനെ തുടർന്നാണ് ജമാഅത്ത് രൂപീകരണത്തിന് അന്തിമമായി തീരുമാനമുണ്ടായത്. അങ്ങനെയാണ് 1941 ആഗസ്റ്റ് 26-ന് ലാഹോറിൽ 75 പേരുടെ അംഗബലവും 75 രൂപ മൂലധനവുമായി ജമാഅത്തെ ഇസ്ലാമിയെന്ന ഇസ്ലാമിക സംഘടന രൂപംകൊള്ളുന്നത്.

ഈ വിവരണം മനസ്സിലാക്കിത്തരുന്ന ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. 1918 മുതൽ 41 വരെയുള്ള കാലയളവിൽ മൗദൂദി സാഹിബിന്റെ ലേഖനങ്ങളും പ്രവർത്തനങ്ങളും കേവലം അക്കാഡമിക് സ്വഭാവത്തിലുള്ളതായിരുന്നില്ല. ഇസ്ലാമിനെക്കുറിച്ച തീസീസെഴുതുകയോ സാഹിത്യസൃഷ്ടി നടത്തുകയോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. പ്രത്യുത, ഇസ്ലാമിനും മുസ്ലിംകൾക്കും നേരെ ശക്തമായി ഉയർന്നുവന്ന വെല്ലുവിളികളോട് അപ്പപ്പോൾ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. കാലം ഉയർത്തിയ പ്രശ്നങ്ങൾക്കു മുമ്പിൽ സമുദായം അടിയറ പറയുന്നതു കണ്ട് സഹിവരാതെ അല്ലാഹുവിന്റെ ഏകത്വവും ദീനുൽ ഇസ്ലാമിന്റെ മഹത്വവും ഉയർത്തിക്കാട്ടുകയാണ് അദ്ദേഹം ചെയ്തത്. ഒരു ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനത്തിന്റെ ധർമം ഇതല്ലാതെ മറ്റൊന്നല്ല. ഇസ്ലാമിന്റെ രാഷ്ട്രീയ -സാമൂഹ്യ വശത്തിലുള്ള മൗദൂദി സാഹിബിന്റെ ശക്തമായ ഊന്നൽ കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നു എന്നും കൂട്ടത്തിൽ മനസ്സിലാക്കാവുന്നതാണ്.

1. ശബാനു കേസിനോടനുബന്ധിച്ചുണ്ടായ ശരീഅത്ത് വിവാദത്തിലും മറ്റും പങ്കെടുത്ത് പ്രസിദ്ധനായ ഇർഫാൻ ഹബീബ് എന്ന കമ്യൂണിസ്റ്റ് ദാർശനികൻ അലീഗർ യൂനിവേഴ്സിറ്റി ചരിത്രവിഭാഗം പ്രഫസറാണെന്ന് അറിയുമല്ലോ. കമ്യൂണിസ്റ്റ് പുരോഗമന സാഹിത്യകാരനായ സ. മഖ്ദൂം മുഹ്യിദ്ദീന്റെ ദൈവനിഷേധപരമായ ഉർദു കവിതകൾ പ്രസിദ്ധമാണ്.

2. കേരളത്തിൽ ജമാഅത്തെ ഇസ്ലാമി നടത്തുന്ന വിദ്യാഭ്യാസ പരീക്ഷണങ്ങൾ ഏറെക്കുറെ ഈ ശൈലിയിലുള്ളതാണ്. ഒട്ടേറെ പരിമിധികളും പരാധീനതകളുമുണ്ടെങ്കിലും നല്ലൊരു പരിധിവരെ അത് വിജയം വരിക്കുന്നതായാണ് അനുഭവം.

3. ഈ ദേശീയതയുടെ ഒരു സാമ്പിൾ കവിവാക്യത്തിൽ ഇങ്ങനെ വായിക്കാം:

[(ഭാരതാംബ!) ദേവീദേവന്മാരുടെ പാർപ്പിടമാണ് നീ. നിന്നെ ഞങ്ങൾ കഅ്ബയാക്കി സുജൂദ് ചയ്തുകൊള്ളാം.]

ഇത്തരം ദേശീയ വിഗ്രഹപൂജയെ നിശിതമായി ശകാരിച്ചുകൊണ്ട് വിഗ്രഹഭഞ്ജകനായ അല്ലാമാ ഇഖ്ബാൽ പാടി:

[ഈ പുത്തൻ വിഗ്രഹങ്ങളിൽ ഏറ്റവും വലുത് ദേശംതന്നെ. അതിന്റെ ഉടയാട മതത്തിന്റെ മയ്യിത്ത് പുടവയാകുന്നു.]

4. അന്ന് ഒരു മുസ്ലിം നേതാവ് ഇത്രവരെ പറഞ്ഞുകളഞ്ഞതായി വായിച്ചതോർക്കുന്നു: പണമുള്ള മുസ്ലിം യുവാക്കൾ വേശ്യാലയത്തിലേക്ക് പോകുന്നുവെങ്കിൽ എന്തുകൊണ്ടവർക്ക് മുസ്ലിം വേശ്യകളെത്തന്നെ സമീപിച്ചുകൂടാ? സമുദായത്തിന്റെ പണം അന്യരിലേക്ക് ചോർന്നു പോകാതെ നോക്കണമല്ലോ."

5. 'മുസൽമാൻ ഔർ മൗജൂദ സിയാസി കശ്മകശ്' എന്ന ഈ പ്രശസ്ത ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗം മുസ്ലിംലീഗും മൂന്നാം ഭാഗം കോൺഗ്രസും അവരവരുടെ നേട്ടത്തിനായി സ്വന്തം ചെലവിൽ പ്രചരിപ്പിച്ചുവെന്നത് രസകരമായ മറ്റൊരു കഥയാണ്.